# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 15, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 281)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| മുഖ്യമന്ത്രി | : | 7556 മുതൽ 7643 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | 7644 മുതൽ 7679 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | 7680 മുതൽ 7757 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | 7758 മുതൽ 7836 വരെ |

<u>കെട്ടികിടക്കുന്ന ഫയൽ തീർപ്പ്കൽപ്പിക്കാൻ നടപടി</u>

7556 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് - വില്ലേജ് ആഫീസുകൾ മുതൽ സെക്രട്ടേറിയറ്റ് വരെ ലഭിക്കുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ വരുന്ന കാലതാമസം പരിഹരിക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പരാതികളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വളരെയേറെ കാലതാമസം ഉണ്ടാക്കുന്നത് പരിഹരിക്കുവാൻ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പുകൽപ്പിക്കാൻ യുദ്ധകാലടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>തൊഴില്‍ അവസരങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിന് നടപടികള്‍</u>

7557 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ - സ്വകാര്യ മേഖലകളില്‍ കുടുതല്‍ തൊഴില്‍ അവസരങ്ങള്‍ നല്കുന്നതിന് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(ബി) നിയമന നിരോധനം സംസ്ഥാനത്ത് നിലവിലുണ്ടോ; സ്വകാര്യ-മേഖലയില്‍ ഉള്‍പ്പെടെ കൂടുതല്‍ തൊഴില്‍ അവസരങ്ങള്‍ സൃഷ്ടിക്കാന്‍ പുതുതായി എന്തെല്ലാം പദ്ധതികള്‍ ആവിഷ്ക്കരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>എല്ലാ സർക്കാർ ഉദ്യോഗസ്ഥരുടെയും നെയിംബോർഡ് സ്ഥാപിക്കുന്നതിന് നടപടി</u>

7558 ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന ആളുകളോട് ഉദ്യോഗസ്ഥർ മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം പെരുമാറ്റം ഒഴിവാക്കാൻ, എല്ലാ ഉദ്യോഗസ്ഥരുടെയും പേരും, സ്ഥാനപ്പേരും, ഫോൺനമ്പരും ഉള്ള നെയിംബോർഡുകൾ അവരവരുടെ ടേബിളുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>ആരാധനാലയങ്ങളിലെ ഭരണസമിതിയിൽ ഭാരവാഹിത്വമുള്ള കേന്ദ്ര - സംസ്ഥാന ജീവനക്കാർ</u>

7559 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മതക്കാരുടെ ആരാധനാലയങ്ങളിൽ കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് അതിന്റെ ഭരണ സമിതിയിൽ ഭാരവാഹിത്വം പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ആരാധനാലയങ്ങളിൽ കേന്ദ്ര സംസ്ഥാന ജീവനക്കാർ ഭാരവാഹിത്വം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>സെന്റർ ഓഫ് ഗുഡ് ഗവേർണൻസ്</u>

7560 ശ്രീ. പാലോട് രവി
'' പി. സി. വിഷ്ണുനാഥ്
'' വർക്കല കഹാർ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഭരണ നിർവഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തുന്നതിനും അംഗീകരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇത് സ്ഥാപിക്കുന്നത് വഴി ലക്ഷ്യമിട്ടിട്ടുള്ളത് ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ഇ-ഫയലിംഗ് സിസ്റ്റം

7561 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഫയലിംഗ് സിസ്റ്റം ഏർപ്പെടുത്തിയ വകുപ്പുകളിൽ അതുമൂലമുണ്ടായിട്ടുള്ള ഗുണദോഷങ്ങൾ പഠിച്ച് കൂടുതൽ സുതാര്യവും കാര്യക്ഷമവുമായ ഒരു സംവിധാനം ഏർപ്പെടുത്തുമോ;

(ബി) ഇ-ഫയലിംഗിൽ തപാൽ സ്കാൻ ചെയ്യേണ്ടത് ആരുടെ ചുമതലയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സ്കാനിംഗിലെ കാലതാമസം ഫയലുകൾ ഡിലേ ആക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഒരു പുനർ വിചിന്തനം നടത്തുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

7562 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) ഇതിൽ സാമ്പത്തിക സഹായത്തിനായി ലഭിച്ച അപേക്ഷകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജനസമ്പർക്കപരിപാടി</u>

7563 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിലുടെ പാലക്കാട് ജില്ലയിൽ വിവിധ കാര്യങ്ങൾക്കായി പൊതുജനങ്ങളിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) എ. പി. എൽ കാർഡുകൾ ബി. പി. എൽ. ആക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൻമേൽ എത്ര കാർഡുകൾ ബി. പി. എൽ ആക്കി മാറ്റി നൽകി; വിശദാംശം നൽകാമോ;

(സി) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും എ. പി. എൽ കാർഡ് ബി. പി. എൽ കാർഡാക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര എണ്ണത്തിൽ തിരുമാനം എടുത്തു; വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>മലപ്പുറത്തെ ജനസമ്പർക്ക പരിപാടിയിൽ പരിഗണിച്ച അപേക്ഷ</u>

T7564 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ൽ മലപ്പുറത്തുവെച്ച് നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ 103321 എം.സി.പി.ആർ, 103330 എം.സി.ഡബ്യു.ഡി എന്നീ ഡോക്കറ്റ് നമ്പറുകൾ പ്രകാരം റഹീം C/O ഷാജി വി.പി, വലിയപീടിയേക്കൽ, സക്കീന C/O ഷാജി വി.പി വലിയപീടിയേക്കൽ എന്നീ ആളുകളിൽ നിന്നും പെൻഷനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അപേക്ഷ പ്രകാരം പെൻഷൻ അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവർക്ക് പെൻഷൻ നൽകി തുടങ്ങിയോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>ഐ. എ. എസ് ഓഫീസര്‍മാരുടെ സ്വത്ത് വിവരം</u>

7565 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവിലുള്ള ഐ. എ. എസ്. ഓഫീസര്‍മാരും ഇവരുടെ സംഘടനയും ചീഫ് സെക്രട്ടറിയും തമ്മിലുള്ള പ്രശ്നങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇവരില്‍ ഓരോരുത്തരും ഇവരുടെ സംഘടനയും നടത്തിയ ആരോപണങ്ങള്‍ സ്വത്തുവിവരം ഉള്‍പ്പെടെ എന്താണെന്നു വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം അന്വേഷണങ്ങള്‍ നടത്തി; ഇവയില്‍ നിയമവിരുദ്ധമായി സ്വത്തു സമ്പാദനം നടത്തിയ ഏതെല്ലാം കേസ്സുകള്‍ സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ചീഫ് സെക്രട്ടറിയും, മറ്റു സെക്രട്ടറിമാരുള്‍പ്പെടെയുള്ള ഐ. എ. എസ് ഓഫീസര്‍മാര്‍ നല്‍കിയ സ്വത്തു വിവരത്തിനെക്കാള്‍ കൂടുതല്‍ സ്വത്തു സമ്പാദിച്ചതായുള്ള ആരോപണം പരിശോധിച്ച്, ഇവര്‍ ആരെല്ലാമെന്നും എത്ര തുകയുടെ അധികസ്വത്ത് ഇവരുടെ പേരിലുണ്ട് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ നിയമസഭാസമാജികരെ യഥാസമയം അറിയിക്കാൻ സംവിധാനം</u>

7566 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എമാർ മുഖേന വിവിധ വകുപ്പുതല ഉദ്യോഗസ്ഥർക്ക് നൽകുന്ന അപേക്ഷകളിൽ സ്വീകരിച്ച നടപടി, മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ, അവ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അതത് എം.എൽ.എമാരെ യഥാസമയം അറിയിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്രകൾ</u>

T7567 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും, മന്ത്രിമാരും നടത്തിയ വിദേശയാത്രയിൽ ഔദ്യോഗികാശ്യാർത്ഥം, ആരൊക്കെ എത്ര തവണ വീതം ഏതൊക്കെ രാജ്യങ്ങളിൽ പോയെന്നും വ്യക്തിപരമായ ആവശ്യങ്ങൾക്ക് ആരൊക്കെ എത്ര തവണ വീതം ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സർക്കാർ വസതി ഉപയോഗിക്കാത്ത മന്ത്രിമാർ</u>

7568 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വസതികൾ ഉപയോഗിക്കാത്ത മന്ത്രിമാർ എത്ര പേരുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിടുമോടിപിടിപ്പിക്കുവാൻ സർക്കാർ പണം വിനിയോഗിക്കാത്ത മന്ത്രിമാർ എത്ര പേരുണ്ട്;

(സി) അവരുടെ പേരുകൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

**<u>അഖിലേന്ത്യാസര്‍വീസിലുള്‍പ്പെടുന്ന ഉദ്യോഗസ്ഥരുടെ തസ്തികകള്‍</u>**

7569 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഖിലേന്ത്യാ സര്‍വ്വീസില്‍ ഉള്‍പ്പെടുന്ന ഉദ്യോഗസ്ഥരുടെ എത്ര തസ്തികകളാണ് ഓരോ വിഭാഗത്തിലുമായി സംസ്ഥാനത്തു നിലവിലുള്ളത്;

(ബി) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം എത്രപേര്‍ കേന്ദ്ര ഡെപ്യൂട്ടേഷന്‍ അവസാനിപ്പിച്ച് കേരളത്തിലേക്കുവന്നുവെന്നു വ്യക്തമാക്കുമോ; അരെല്ലാം ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ധനസഹായത്താല്‍ പ്രവര്‍ത്തിക്കുന്ന സന്നദ്ധസംഘടനകള്‍</u>

7570 ശ്രീ. സി. ദിവാകരന്‍
,, കെ. രാജു
,, മുല്ലക്കര രത്നാകരന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സര്‍ക്കാര്‍ ഫണ്ടുപയോഗിച്ച് പ്രവര്‍ത്തിക്കുന്ന സന്നദ്ധ സംഘടനകള്‍ (എന്‍.ജി.ഒ) ഉണ്ടോ; ഉണ്ടെങ്കില്‍ എത്രയെണ്ണം; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്‍ പ്രവര്‍ത്തനം ആരംഭിച്ചതെന്നാണെന്നും ഈ ഫൗണ്ടേഷന്‍ പ്രവര്‍ത്തനം ആരംഭിച്ചതിനു ശേഷം ഇതുവരെയായി ഗവണ്‍മെന്റില്‍ നിന്നും എത്ര തുക സഹായവും നിക്ഷേപവുമായി നല്‍കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഫൗണ്ടേഷന്റെ പ്രവര്‍ത്തനലക്ഷ്യങ്ങള്‍ എന്തെല്ലാമെന്നും ഇതിലെ അംഗങ്ങള്‍ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവര്‍ത്തനത്തില്‍ എന്തെങ്കിലും ക്രമക്കേടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>വിവരാവകാശ കമ്മീഷൻ സമർപ്പിച്ച വാർഷിക റിപ്പോർട്ടുകൾ</u>

7571 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവരാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിൽ കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചുവെന്നും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കമ്മീഷൻ ഇതിനകം സർക്കാറിന് സമർപ്പിച്ച റിപ്പോർട്ടുകളുടെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക -സാമൂഹിക സർവേ</u>

7572 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന സാമ്പത്തിക സാമൂഹിക സർവ്വെയുടെ പുരോഗതി തൃപ്തികരമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പിലാക്കാത്ത വകുപ്പുകൾ</u>

7573 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം ഇതുവരെ നടപ്പിലാക്കാത്ത വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അതിന്റെ കാരണം വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സർക്കാർ സേവനങ്ങൾക്ക് ആധാർകാർഡ് സുപ്രീം കോടതി വിധി</u>

7574 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾക്ക് ആധാർ കാർഡ് നിർബന്ധമാക്കരുത് എന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിധി ലംഘിച്ചുകൊണ്ട് പല വകുപ്പുകളും ഇപ്പോഴും ആധാർകാർഡ് നിർബന്ധമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റേഷൻ കാർഡ് പുതുക്കൽ കുട്ടികളുടെ സ്കൂൾ പ്രവേശനം തുടങ്ങിയ കാര്യങ്ങൾക്ക് ആധാർകാർഡ് നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) സുപ്രീം കോടതി വിധി പാലിക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ദേശീയ ഹരിതസേന</u>

7575 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഹരിതസേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണ്;

(ബി) ദേശീയ ഹരിതസേനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ദേശീയ ഹരിതസേനയിൽ സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ വിദ്യാലയങ്ങളിൽ എത്രയെണ്ണം ഉണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) നോഡൽ ഏജൻസിയും വിദ്യാലയങ്ങളുമല്ലാതെ മറ്റേതെങ്കിലും സർക്കാർ ഇതര ഏജൻസികളോ സ്ഥാപനങ്ങളോ പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങൾ;

(ഇ) പ്രസ്തുത സ്ഥാപനങ്ങൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോ; ഓരോ സ്ഥാപനത്തിനും ഓരോ വർഷവും നൽകിയ ധനസഹായം എത്രയാണ്?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പിന്തുടരുന്ന നിയമന-വേതന വ്യവസ്ഥകൾ

7576 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും(കെ.എസ്.സി.എസ്.ടി.ഇ) ഇതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും പിന്തുടരുന്ന നിയമന-വേതന വ്യവസ്ഥകൾ കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ) പിന്തുടരുന്ന വ്യവസ്ഥകൾക്ക് അനുസരിച്ചാണോ; വിശദമാക്കാമോ;

(ബി) എങ്കിൽ സി.എസ്.ഐ.ആർ നിയമന മാനദണ്ഡങ്ങൾ അനുസരിച്ചു യോഗ്യതയുള്ളവരാണോ, ഇപ്പോൾ കെ.എസ്.സി.എസ്.ടി.ഇ യിലും അതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും ഡയറക്ടർമാരായി തുടരുന്നത്; ഇവരുടെ നിയമനത്തിൽ സി.എസ്.ഐ.ആർ വ്യവസ്ഥയനുസരിച്ചുള്ള നടപടിക്രമങ്ങൾ പിന്തുടർന്നിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) പ്രസ്തുത ഡയറക്ടർ നിയമനങ്ങളിലും, ഇനിയുള്ള നിയമനങ്ങളിലും സി.എസ്.ഐ.ആർ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്തുവാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) നിലവിൽ ഡയറക്ടർമാരായി ഇരിക്കുന്നവരുടെ യോഗ്യതകൾ വിശദമാക്കാമോ;

(എഫ്) മേൽപ്പറഞ്ഞ ഗവേഷണസ്ഥാപനങ്ങളിൽ ഡയറക്ടർ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്രയെണ്ണം;

(ജി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളിൽ യോഗ്യതയുള്ളവരെ ഉടൻ നിയമിക്കുമോ;

(എച്ച്) എങ്കിൽ എത്ര കാലത്തിനകം ഇത് നികത്താൻ കഴിയുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ഓരോ വകുപ്പു പരസ്യത്തിനായി ചെലവഴിച്ച തുക</u>

T7577 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്ന് നാളിതുവരെ പദ്ധതികളുടെ പ്രചരണത്തിനായി പരസ്യം നല്‍കിയ ഇനത്തില്‍ ആകെ എന്തുതുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(ബി) സര്‍ക്കാരിന്റെ ഓരോ വകുപ്പുകളും എത്ര തുക പരസ്യത്തിനായി ചെലവഴിച്ചെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സർക്കാർ വാഹനങ്ങളുടെ അനൗദ്യോഗിക ഉപയോഗം</u>

7578 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ ഔദ്യോഗികാവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള പരാതികളിൽ എത്ര എണ്ണത്തിൽ നടപടിയെടുത്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുവാൻ നടപടി</u>

7579 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നടക്കുന്ന അതിക്രമങ്ങളിൽ കാലതാമസം കൂടാതെ നടപടികൾ പൂർത്തിയാക്കി കുറ്റക്കാരെ നിയമനടപടികൾക്കു വിധേയരാക്കുവാൻ കർശനമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

<u>കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ കേരള സമർപ്പിച്ച നിവേദനം</u>

7580 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ കേരള 17/06/2014 ൽ മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ആ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പിന്നോക്ക – ഒ. ഇ. സി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹയർസെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഉള്ള പ്രവേശനത്തിന് സംവരണം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയപ്പോൾ ദളിത് ക്രൈസ്തവരെ അക്കൂട്ടത്തിൽ ഉൾപ്പെടുത്താതിരിക്കാൻ കാരണമെന്ത്;

(ഡി) വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ദളിത് ക്രൈസ്തവരെ കൂടി പ്രസ്തുത വിദ്യാഭ്യാസ സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്പോര്‍ട്സ് ക്വോട്ട നിയമനം</u>

7581 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം സ്പോര്‍ട്സ് ക്വോട്ട നിയമനം സംബന്ധിച്ച് എന്തെങ്കിലും പരിഷ്കാരങ്ങള്‍ വരുത്തിയിരുന്നോ; എങ്കില്‍ വിശദമാക്കുമോ;

(ബി) പവര്‍ലിഫ്റ്റിംഗ് താരങ്ങള്‍ക്ക് മുന്‍കാലങ്ങളിലുണ്ടായിരുന്ന റിസര്‍വ്വേഷന്‍ ഇപ്പോഴും തുടരുന്നുണ്ടോ; ഉണ്ടെങ്കില്‍ ഇതിനകം എത്ര താരങ്ങള്‍ക്ക് ജോലി നല്‍കാന്‍ കഴിഞ്ഞിട്ടുണ്ട്; അവര്‍ ആരെക്കെയാണ്;

(സി) ഈ സര്‍ക്കാര്‍ പവര്‍ലിഫ്റ്റിംഗ് താരങ്ങളെ സ്പോര്‍ട്സ് ക്വോട്ടയില്‍ നിയമിക്കേണ്ടെന്ന് ഉത്തരവായിട്ടുണ്ടോ; എങ്കില്‍ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) പവര്‍ലിഫ്റ്റിംഗ് താരങ്ങളെ സ്പോര്‍ട്സ് ക്വോട്ടയില്‍ പരിഗണിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

<u>പവര്‍ലിഫ്റ്റിംഗുകാര്‍ക്കുള്ള സ്പോര്‍ട്സ് ക്വോട്ട നിയമനം</u>

7582 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ വിവിധ വകുപ്പുകളിലെ സ്പോര്‍ട്സ് ക്വോട്ട നിയമനത്തില്‍ പവര്‍ലിഫ്റ്റിംഗ് ഉള്‍പ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം പവര്‍ലിഫ്റ്റിംഗില്‍ മികവു നേടിയ എത്ര കായിക താരങ്ങള്‍ക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(സി) പവര്‍ലിഫ്റ്റിംഗില്‍ ദേശീയതലത്തില്‍ ചാമ്പ്യന്‍മാരായവരുടെ സീനിയോറിറ്റി ലിസ്റ്റ് സ്പോര്‍ട്സ് കൗണ്‍സിലില്‍ നിന്ന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആരെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സാമൂഹ്യ - സാമ്പത്തിക - ജാതി സെൻസസ്</u>

7583 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ - സാമ്പത്തിക-ജാതി സെൻസസ് പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പട്ടിക തയ്യാറാക്കിയ രീതി വിശദമാക്കാമോ;

(സി) ഈ പട്ടികയെ സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ അവസരം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സെൻസസ് പട്ടിക പരിശോധിക്കുവാൻ പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഇ) പട്ടിക പരിശോധിക്കുന്നതിന് പലതരത്തിലുള്ള വൈഷമ്യങ്ങൾ നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സെൻസസ് പട്ടിക പൊതുജനങ്ങൾക്ക് വ്യക്തമായി പരിശോധിക്കാൻ അവസരം നൽകുകയും അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏകീകൃതമായി പരാതി സ്വീകരിക്കുന്നതിനും സമയബന്ധിതമായി അവ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം നല്കാതിരുന്നതിനെതിരെയുള്ള പരാതി</u>

7584 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ 2009-ൽ 1050/(4)/എസ്.ഐ.സി./09 എന്ന നമ്പരിൽ ഒരു അപ്പീൽ പരാതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ 3-2-2011-ൽ 9819/എസ്.ഐ.സി./ജിഇഎൻ1/09 എന്ന ഫയലിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നല്കാതിരുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നോ ; എങ്കിൽ അതു പ്രകാരം ആർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ കമ്മീഷന്റെ ഇടപെടൽ മൂലം പരാതിക്കാരൻ നിയമാനുസൃതം ആവശ്യപ്പെട്ട രേഖകളെല്ലാം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ പിഴയായി ലഭിച്ച തുക</u>

7585 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ ഇതുവരെ എത്ര രൂപ പിഴയായി ഖജനാവിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കേൾക്കുവാനുള്ള അവകാശ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

7586 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ടി തുകകൊണ്ട് ഏതുതരം നിർമ്മാണ പ്രവർത്തനം നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും ടി പ്രവൃത്തി എന്നു പൂർത്തിയാക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് സിവില്‍ സ്റ്റേഷന് മുന്‍വശത്ത്</u>
<u>രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കാന്‍ നടപടി</u>

7587 ശ്രീ. എന്‍.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് സിവില്‍ സ്റ്റേഷന് മുന്‍വശം രാഷ്ട്രപിതാവിന്റെ പ്രതിമ നിര്‍മ്മിക്കാന്‍ തിരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കില്‍ ഏത് സമിതിയാണെന്നും പ്രതിമാ നിര്‍മ്മാണം ആരംഭിച്ചുവോയെന്നും എപ്പോള്‍ നിര്‍മ്മാണം പൂര്‍ത്തിയാകുമെന്നും വിശദമാക്കുമോ ;

(സി) പ്രതിമ നിര്‍മ്മിക്കാന്‍ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന്റെ ചെലവ് എത്രയാണെന്നും ഫണ്ട് ആരാണ് നല്‍കുന്നതെന്നും സംബന്ധിച്ച വിശദാംശം നല്‍കുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ ലോൺ അനുവദിക്കാൻ വിവിധ ബാങ്കുകൾ വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതു സംബന്ധിച്ച്</u>

T7588 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദ്യാഭ്യാസ ലോണിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികളെ പലവിധ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ബാങ്കുകൾ ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമേഖലാ ബാങ്കുകൾ ഒഴിച്ചുള്ള ബാങ്കുകൾ വസ്തുവിന്റെ പ്രമാണരേഖകളും കരമടച്ച രസീതുമടക്കം ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;'

(സി) ഓരോ ബാങ്കുകൾക്കും വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ എസ്.ബി.ഐ., എസ്.ബി.റ്റി., കാനറ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ബാങ്കുകളിൽ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ;

(ഇ) റിസർവ്വ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും മാനദണ്ഡപ്രകാരം എന്തൊക്കെ രേഖകളാണ് വിദ്യാഭ്യാസ ലോണിന് വേണ്ടി സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ;

(എഫ്) ടി ലോണിന്റെ പലിശ ഇളവ് ലഭിക്കുന്നതിന് എന്താണ് മാനദണ്ഡമെന്ന് വ്യക്തമാക്കുമോ ;

(ജി) കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നവർക്ക് പലിശ ഇളവിന് അർഹതയില്ലെന്ന് ഉത്തരവുണ്ടോ ; ഇവർക്ക് പലിശ ഇളവിന് അർഹതയുണ്ടോ ;

(എച്ച്) ബാങ്ക് ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്ന ബാങ്കുകൾക്കെതിരെ ആർക്കാണ് പരാതി നൽകേണ്ടത്; ഓഫീസിന്റെ പേരും ഇ-മെയിൽ വിലാസവും നൽകാമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കും മാനേജർമാർക്കും എതിരെ നടപടി

7589 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ ഏതെല്ലാം ബാങ്കുകളാണ് നൽകുന്നതെന്ന് പറയാമോ; ഏതെല്ലാം കോഴ്സുകൾക്ക് എത്ര തുക വീതമാണ് വായ്പ അനുവദിക്കുന്നതെന്ന് പറയാമോ;

(ബി) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നു പറയാമോ; ഇതിന് എന്തെല്ലാം ഈടുകളാണ് നൽകേണ്ടതെന്നു പറയാമോ;

(സി) വിദ്യാഭ്യാസ വായ്പയായി നാല് ലക്ഷം രൂപവരെ നൽകണമെന്ന് റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുമ്പോൾ പല ബാങ്കുകളും 2.5 ലക്ഷം രൂപ പോലും നൽകുന്നില്ല എന്നതും പാൻകാർഡ്, പാസ്സ്പോർട്ട്, വസ്തുജാമ്യം തുടങ്ങിയ രേഖകൾ ആവശ്യപ്പെടുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം തുക കുറച്ചുനൽകുകയും അപേക്ഷകരായ വിദ്യാർത്ഥികളെ അനാവശ്യമായി രേഖകളും ജാമ്യവും ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുകയും വായ്പ നിഷേധിക്കുകയും ചെയ്യുന്ന ബാങ്കുകൾക്കും മാനേജർമാർക്കും എതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ചലച്ചിത്ര - ടെലിവിഷൻ - നാടക രംഗങ്ങളിൽ പ്രവർത്തിക്കാൻ സർക്കാർ ജീവനക്കാർക്ക് മുൻകൂർ അനുമതി

7590 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമ, സീരിയൽ നാടകം തുടങ്ങിയ രംഗങ്ങളിൽ, പ്രവർത്തിക്കണമെങ്കിൽ സർക്കാർ ജീവനക്കാരായ കലാകാരന്മാർക്ക് അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേധാവികളിൽ നിന്നും മുൻകൂർ അനുമതി വാങ്ങണം എന്ന നിബന്ധന നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലിനോക്കുന്ന എത്ര ജീവനക്കാരാണ് സിനിമ, സീരിയൽ, നാടകം തുടങ്ങിയ കലാരംഗത്ത് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>അങ്കമാലി മുതൽ മണ്ണുത്തിവരെയുള്ള നാലുവരിപ്പാത നിർമ്മാണത്തിലെ അനുബന്ധ പ്രവർത്തനങ്ങൾ</u>

7591 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47 ൽ അങ്കമാലി മുതൽ മണ്ണുത്തി വരെയുള്ള ഭാഗങ്ങളിലെ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എ.ഐ.യുമായുള്ള കരാറിൽ ഉൾപ്പെടാത്ത അനുബന്ധ പ്രവർത്തനങ്ങളായ ഫ്ളൈ ഓവറുകൾ, സർവ്വീസ് റോഡുകൾ, സബ്ബ്‌വേകൾ, ഡ്രൈനേജ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ 98 കോടി രൂപ പ്രത്യേകം അനുവദിക്കുമെന്ന ബഹു.മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനും, അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>ശ്രീമതി. ഷീബ ഡേവിഡിന്റെ നിയമനം അംഗീകരിക്കുന്നതിന് നടപടി</u>

7592 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2007 മുതൽ കൊല്ലം ഫാത്തിമാ മാതാ നാഷണൽ (FMN) കോളേജിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്ത് വരുന്ന വിധവയും മൂന്ന് മക്കളുടെ അമ്മയുമായ ശ്രീമതി. ഷീബ ഡേവിഡിനെ 2009-ൽ മാനേജ്മെന്റ് അപേക്ഷ ക്ഷണിച്ച് പ്യൂൺ തസ്തികയിൽ സ്ഥിരമായി നിയമിച്ചത്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെയല്ല എന്ന് പറഞ്ഞ് പ്രസ്തുത നിയമനം റദ്ദ് ചെയ്യുകയും തുടർന്ന് സർക്കാർ അനുമതിയോടെ 2012-ൽ പുതിയ അപേക്ഷ ക്ഷണിക്കുകയും അപേക്ഷകയായ ശ്രീമതി ഷീബ ഡേവിഡിന് പുതിയ അപേക്ഷ നല്കുന്നതിന് പ്രായം അധികരിച്ചതിനാൽ ബഹു. മുഖ്യമന്ത്രിയ്ക്ക് നല്കിയ നിവേദനത്തെ തുടർന്ന് 23.02.2012-ലെ നം.121/D3/12/ഉ.വി.വ പ്രത്യേക ഉത്തരവ് അംഗീകരിച്ച് മാനേജ്മെന്റ് നിയമനം നല്കിയെങ്കിലും മുഖ്യമന്ത്രിയുടെ ഇവരുടെ നിയമനം അംഗീകരിച്ച് നല്കാത്തത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് ഇതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള വിധവകൾക്കും നിർദ്ധനർക്കും പ്രത്യേക പരിരക്ഷ നല്കി ഇറക്കുന്ന പല ഉത്തരവുകളും നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഇത്തരക്കാരിൽ ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ ഗൗരവതരമായ മനുഷ്യാവകാശ ലംഘനം ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ നിയമനം അടിയന്തരമായി അംഗീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ;

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

പേഴ്സണല്‍ സ്റ്റാഫ് നിയമന വ്യവസ്ഥകള്‍

7593 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മന്ത്രിമാരുടെയും, പ്രതിപക്ഷനേതാവിന്റെയും പേഴ്സണല്‍ സ്റ്റാഫില്‍ ജീവനക്കാരെ നിയമിക്കുന്നത് ഏത് ചട്ടങ്ങള്‍ പ്രകാരമാണ് ;

(ബി) ഇതിനായി സ്പെഷ്യല്‍ റൂള്‍സ് നിലവിലുണ്ടോ ; എങ്കില്‍ അതിന്റെ പകര്‍പ്പും ഇതിനനുബന്ധമായി ഇറക്കിയ സര്‍ക്കാര്‍ ഉത്തരവുകളുടെയും പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) വിവിധ വകുപ്പുകളിലേയ്ക്കും സ്ഥാപനങ്ങളിലേക്കും ഡെപ്യൂട്ടേഷന്‍ അടിസ്ഥാനത്തില്‍ നിയമനം നടത്തുന്നത് ഈ ചട്ടങ്ങളനുസരിച്ചാണോ ; അല്ലെങ്കില്‍ അതു സംബന്ധിച്ച ചട്ടങ്ങളുടെ പകര്‍പ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വ്യാജ ബിരുദ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ഉദ്യോഗകയറ്റം നേടിയ ജീവനക്കാർ</u>

7594 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ വ്യാജ ബിരുദവും അംഗീകാരമില്ലാത്ത ബിരുദ സർട്ടിഫിക്കറ്റുകളും ഹാജരാക്കി ഉദ്യോഗകയറ്റം നേടിയ ജീവനക്കാരെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടെങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പരിശോധന നടത്തുന്നതിന് ഓരോ വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>പ്രൊമോഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് ശമ്പളം ലഭിക്കാൻ നടപടി</u>

7595 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് പൊതുഭരണവകുപ്പിൽ അഡീഷണൽ സെക്രട്ടറി പദവിയിലേക്ക് പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥർക്ക് നിർദ്ദിഷ്ട തസ്തികയിലെ ശമ്പള സ്കെയിൽ അക്കൗണ്ടന്റ് ജനറൽ അനുവദിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡീഷണൽ സെക്രട്ടറി പദവിയിൽ താഴെയുള്ള ഉദ്യോഗസ്ഥർക്കും ഇപ്രകാരമുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്നതായി അറിയാമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ച ചില ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിഗണന നൽകി ഇതര സീനിയർ ഉദ്യോഗസ്ഥരെ മറികടന്ന് ആനുപാതിക ശമ്പള വർദ്ധനവിന് അർഹത നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഈ അവസ്ഥ പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

4540/വി.ഐ.പി/സി.എം./2014 നമ്പര്‍ എല്‍.എസ്.ജി.ഡി. ഫയലിലെ നടപടികള്‍

7596 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസില്‍നിന്ന് 4540/വി.ഐ.പി./സി.എം./2014 നമ്പരായി എല്‍.എസ്.ജി.ഡി. പ്രിന്‍സിപ്പല്‍ സെക്രട്ടറിക്ക് നല്‍കിയ ഫയലില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലില്‍ മുഖ്യമന്ത്രി നല്‍കിയ നിര്‍ദ്ദേശ പ്രകാരം ആവശ്യമായ റിപ്പോര്‍ട്ട് നിശ്ചിത സമയപരിധിക്കുള്ളില്‍ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>വിരമിക്കുന്നവർക്ക് പുനർനിയമനം</u>

7597 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പിൽ നിന്നും വിരമിക്കുന്നവർക്ക് അതേ ആഫീസിൽ കരാറടിസ്ഥാനത്തിൽ പുനർനിയമനം നൽകുന്നതിന് കേരളത്തിലെ സിവിൽ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം സർക്കാർ വകുപ്പുകളിൽ ഇപ്രകാരം പുനർനിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരൻ വിരമിക്കുന്ന ഒഴിവിൽ തൊട്ടുതാഴെയുള്ള അർഹതപ്പെട്ടയാളിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിന് ഈ നടപടി തടസ്സമാവുകയില്ലേ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അപ്രകാരം സ്ഥാനക്കയറ്റത്തിന് അർഹതപ്പെട്ടയാളിന് സ്ഥാനക്കയറ്റം നൽകാതിരിക്കുന്നത് ചട്ടവിരുദ്ധമല്ലേയെന്ന് വ്യക്തമാക്കുമോ;

(ഇ) 31.5.2014 ന് ഹയർ സെക്കണ്ടറി ഡയറക്ടറുടെ പി.എ ആയി വിരമിച്ചയാളിന് 21.6.2014 ജി.ഒ (ആർ.ടി) നം. 2446/2014/പൊ.വി.വ പ്രകാരം പുനർനിയമനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ വിരമിച്ചയാളിന് പുനർനിയമനം നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ജി) ഈ ഒഴിവിൽ വകുപ്പിൽ നിന്ന് നിയമിക്കാൻ അർഹതയുള്ളവർ ഇല്ലായിരുന്നോ എന്നറിയിക്കുമോ;

(എച്ച്) ചട്ടവിരുദ്ധമായ പ്രസ്തുത നിയമനവും സമാനമായ മറ്റ് നിയമനങ്ങളും റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

<u>സർവ്വീസിൽ ശൂന്യവേതനാവധി എടുത്ത ജീവനക്കാരുടെ എണ്ണം</u>

7598 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ശമ്പളരഹിതാവധി എടുത്ത എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ;

(ബി) ശൂന്യവേതനാവധി എടുത്ത് വിദേശരാജ്യങ്ങളിൽ ജോലി തേടി പോയിട്ടുള്ളവർ എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഇതിൽ അഞ്ചു വർഷം, അഞ്ചു വർഷത്തിലധികം പത്തു വർഷത്തിലധികം അവധിയെടുത്ത എത്രപേരുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സർവ്വീസിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് പുനർനിയമനം</u>

7599 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സർവ്വീസിൽ നിന്നു വിരമിച്ച ഐ.എ.എസ്, ഐ.പി.എസ് ഉൾപ്പെടെയുള്ള എത്ര ജീവനക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് ഇവർക്ക് നിയമനം നൽകിയതെന്ന് വിശദമാക്കാമോ;

(സി) ഇവരുടെ സേവനവേതന വ്യവസ്ഥ വിശദീകരിക്കാമോ;

(ഡി) ഇവർക്കെല്ലാവർക്കും ചേർന്ന് പ്രതിമാസം എന്തു തുക ചെലവഴിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കമ്പനി/ബോർഡ്/കോർപ്പറേഷൻ-നിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നടപടി</u>

7600 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ-നിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണനയിൽ ഉണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ സബ് കോടതിയിൽ പാർട്ട്-ടൈം സ്വീപ്പറുടെ അധിക തസ്തിക</u>

7601 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-ൽ പുതിയ കെട്ടിടത്തിലേക്ക് മാറിയ പയ്യന്നൂർ സബ് കോടതിയിൽ പാർട്ട്-ടൈം സ്വീപ്പറുടെ അധിക തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാറിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>ഗ്രാമീണ കോടതികൾ</u>

T7602 ശ്രീ. എം. എ. ബേബി
'' ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരായ ജനങ്ങൾക്ക് എത്രയും പെട്ടന്ന് നീതി ലഭ്യമാക്കാൻ വിഭാവനം ചെയ്ത ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിൽ സർക്കാർ അലംഭാവം കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണകോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കന്നതിന് സാദ്ധ്യതയുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഗ്രാമീണകോടതികൾ സ്ഥാപിക്കുന്നത് നിലവിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ ബാഹുല്യം കുറയ്ക്കുന്നതിന് സഹായകമാകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) കോടതികളുടെ സേവനം താഴെത്തട്ടിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ കോടതികൾ അനുവദിക്കാൻ നടപടി</u>

T7603 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി കോടതികൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മുൻഗണനാക്രമവും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ</u>

7604 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ എവിടെയെല്ലാം ആരംഭിച്ചുവെന്നു വെളിപ്പെടുത്തുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ അപ്രകാരമൊരു കോടതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കൊയിലാണ്ടി കോടതി ഇതിനായി പരിഗണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ നടപടി</u>

7605 ശ്രീ. ഇ. പി. ജയരാജൻ
,, എ. പ്രദീപ്കുമാർ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെണ്ണമുണ്ടെന്ന് അറിയിക്കുമോ;

(ബി) സമയബന്ധിതമായി കേസുകൾ തീർപ്പാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകൾ തീർപ്പാക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സിവിൽ കോടതികളിൽ കെട്ടികിടക്കുന്ന കേസുകൾ</u>

T7606 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേസ്സുകളിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോടതിച്ചെലവുകൾ, വക്കീൽ ഫീസ് എന്നിവ സംബന്ധിച്ച ഒരു ഏകീകൃത നിയമം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>നെടുമങ്ങാട് മോട്ടോർ ആക്സിഡന്റ്സ്</u>
<u>ക്ലെയിംസ് ട്രൈബ്യൂണൽ</u>

T7607 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കേന്ദ്രമായി പുതുതായി മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ തുടങ്ങുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) നെടുമങ്ങാട് എം.എ.സി.ടി. തുടങ്ങുന്നത് സംബന്ധിച്ച് ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തസ്തികകൾ വേണമെന്നാണ് നിർദ്ദേശമുള്ളത്;

(ഡി) ആവശ്യമായ തസ്തികകൾ അനുവദിച്ച് നെടുമങ്ങാട് എം.എ.സി.ടി. തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.സി.എസ്.റ്റി.ഇ. പദ്ധതി</u>

7608 ശ്രീ. കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങളിൽപ്പെടുന്ന ശാസ്ത്രാദ്ധ്യാപകർക്കും ശാസ്ത്രജ്ഞൻമാർക്കുമായി കെ.എസ്.സി.എസ്.റ്റി.ഇ. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനം ലഭിച്ചവർ</u>

7609

ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴി അസിസ്റ്റന്റായി എത്ര പേർ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ; അവരുടെ പേരുവിവരവും അവർക്ക് തസ്തികമാറ്റം വഴി നിയമനം നൽകിയ ഉത്തരവിന്റെ വിശദാംശവും അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ജീവനക്കാർക്ക് മാതൃവകുപ്പിലേക്ക്
പുനർനിയമനം

7610 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരം ജീവനക്കാർക്ക് ലഭിക്കേണ്ട പേരന്റ് ഡിപ്പാർട്ടുമെന്റിലെ പുനർനിയമനം താമസിപ്പിക്കുന്നതും അനാവശ്യമായ കോടതി വ്യവഹാരങ്ങളിലേക്ക് എത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എല്ലാ വകുപ്പുമേധാവികൾക്കും ഇതുസംബന്ധിച്ച പുതിയ സ്പഷ്ടീകരണ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരം പേരന്റ് ഡിപ്പാർട്ടുമെന്റിൽ തിരികെവരുന്നതിന് ഒരു ജീവനക്കാരൻ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരമുള്ള ഒരപേക്ഷ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നത് വകുപ്പുമേധാവിയുടെ വിവേചനാധികാരപ്രകാരമാണോ; ആണെങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) അല്ലെങ്കിൽ ഇത്തരം കേസുകളിൽ ബോധപൂർവ്വം കുറ്റകരമായ കാലതാമസം വരുത്തുന്ന വകുപ്പുമേധാവികൾക്കെതിരെ എന്തെല്ലാം നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്നറിയിക്കുമോ;

(ഇ) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 അനുസരിച്ച് സർക്കാർ ഇറക്കിയിട്ടുള്ള സുപ്രധാന ഉത്തരവുകളുടെ/സർക്കുലറുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 സംബന്ധിച്ച് ബഹു. ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും നടത്തിയിട്ടുള്ള സുപ്രധാന വിധികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

(ജി) ജീവനക്കാർ നീതിനിഷേധത്തിനെതിരെ നിരന്തരം കേസ്സുകൾക്ക് പോകേണ്ടിവരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കേസ്സുകളിൽ അനാവശ്യമായി ജീവനക്കാരെ പീഡിപ്പിക്കുന്നത് തടയുവാൻ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു പ്രത്യേക അവലോകന സമിതിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരം പേരന്റ് ഡിപ്പാർട്ടുമെന്റിലേക്ക് തിരികെ വരുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്നവർ എത്രയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ നടപടി</u>

7611 ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ;

(ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ</u>

7612 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷനിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പെൻഷനോടൊപ്പം എത്ര ശതമാനം ഡി.എ. ആണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡി.എ. അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ഡി) വിലക്കയറ്റം ഇത്രയേറെ രൂക്ഷമായിട്ടും ജീവിതചെലവുകൾ വൻതോതിൽ വർദ്ധിച്ചിട്ടും പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷനും ഡി.എ. യും വർദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പെൻഷനും ഡി.എ. യും വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

7613 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വരുമാന പരിധി എത്രയാണ്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തില്‍ അനുവദിച്ച ധനസഹായം</u>

7614 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്ന് എം.എല്‍.എ യുടെ ശുപാര്‍ശ പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തില്‍ ആകെ എത്ര രൂപ, എത്ര പേര്‍ക്ക് അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ബി) അനുവദിച്ച സഹായത്തില്‍ ഇനിയും എത്ര പേര്‍ക്ക് തുക ലഭിക്കുവാന്‍ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>കാൻസർ രോഗികൾക്കുള്ള ധനസഹായം</u>

7615 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ കാൻസർ രോഗികൾ എം.എൽ.എ. മാരുടെ കവറിംഗ് ലെറ്ററോടുകൂടി നൽകുന്ന ചികിത്സാ സഹായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാൻസർപോലുള്ള മാരക രോഗങ്ങൾ ബാധിച്ച് അടിയന്തര ചികിത്സാ സഹായം ആവശ്യമുള്ള അത്യാസന്ന നിലയിലുള്ള രോഗികളുടെ അപേക്ഷകൾ തീർപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പാക്കേജ്

7616 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പാക്കേജ് പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാക്കേജ് പൂർണ്ണമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ നടപടി

T7617 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാനുള്ള സർക്കാർ നടപടികൾ തൃപ്തികരമല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ദുരിതബാധിതരുടെ ക്ഷേമത്തിനായി ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലെന്നും സാമ്പത്തികസഹായമുൾപ്പെടെയുള്ളവ യഥാസമയം നൽകുന്നതിൽ സർക്കാർ വീഴ്ച വരുത്തിയെന്നും കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) ഇതിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) പുനരധിവാസ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട് എടുത്ത് തീരുമാനങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ നബാർഡ് പാക്കേജ്

7618 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ നബാർഡ് പാക്കേജിൽ എന്തു തുകയാണ് അനുവദിക്കപ്പെട്ടത്;

(ബി) പ്രസ്തുത പാക്കേജിലെ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്;

(സി) ഇനി സാങ്കേതികാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; കാലതാമസം വരാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ പാക്കേജ്</u>

7619 ശ്രീ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെയായി എത്ര കോടി രൂപയുടെ സഹായങ്ങളും പദ്ധതികളും നൽകിയിട്ടുണ്ട്; ഇതിനായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>തീരദേശ പരിപാലന പദ്ധതിമുഖേനയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

7620 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' അൻവർ സാദത്ത്
'' ആർ. സെൽവരാജ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ധനസഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന തീരദേശ നിയന്ത്രണങ്ങൾ മൂലം ബന്ധപ്പെട്ടവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>നദീജല സംയോജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ നിലപാട്</u>

7621 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നദീജലസംയോജന പദ്ധതി നടപ്പാക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ നിലപാട് എന്തായിരിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാനം മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>കാവേരി നദീജല നിയന്ത്രണ സമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം</u>

7622

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച 3.6.2014-ലെ നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള കാവേരി നദീജല നിയന്ത്രണ സമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം സംബന്ധിച്ച വിഷയങ്ങളിൽ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലപാട് പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയാക്കി ഉയർത്താനുള്ള സുപ്രീം കോടതിയുടെ 7.5.2014-ലെ ഉത്തരവ് നടപ്പാക്കുന്നതു സംബന്ധിച്ച മേൽനോട്ട സമിതിയിൽ കേന്ദ്ര ജലകമ്മീഷനിൽ നിന്നുള്ള അംഗത്തെ നാമനിർദ്ദേശം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ചുള്ള അഭിപ്രായമെന്താണ്; പ്രസ്തുത നിലപാട് കേന്ദ്ര സർക്കാരിനെയും പ്രധാനമന്ത്രിയെയും അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) നെയ്യാർ ഡാമിലെ വെള്ളം വിട്ടുനൽകണമെന്ന തമിഴ്നാട് സർക്കാരിന്റെ വാദം അംഗീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്തുകൂടെ മാത്രമൊഴുകുന്ന നെയ്യാറിലെ വെള്ളം വിട്ടുനൽകണമെന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള നിലപാടുകൾ എന്തൊക്കെയാണ്; ഇതു സംബന്ധിച്ച് സംസ്ഥാനം എടുത്തിട്ടുള്ള നിലപാടുകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി

7623 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് മുഖ്യമന്ത്രി 3.6.2014-ൽ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ പറയുന്ന പമ്പ, അച്ചൻ കോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; പ്രസ്തുത നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നദീസംയോജനം സംബന്ധിച്ച് സുപ്രീംകോടതിയിൽ ഉണ്ടായിരുന്ന പൊതുതാൽപര്യ ഹർജിയിൽ എന്ത് ഉത്തരവാണ് സുപ്രീം കോടതി നൽകിയിട്ടുള്ളത്; പ്രസ്തുത കേസിൽ സംസ്ഥാനം കക്ഷി ചേർന്നിരുന്നോ; പ്രസ്തുത കേസിൽ സംസ്ഥാന സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നദീസംയോജനം നടപ്പാക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതി ഉത്തരവു പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയം പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് എന്താണ്; പ്രസ്തുത കമ്മിറ്റിയെ സംസ്ഥാനം അംഗീകരിക്കുന്നുണ്ടോ;

(ഡി) അന്തർസംസ്ഥാന നദികൾ ദേശസാൽക്കരിക്കണമെന്ന നിവേദനത്തിലെ തമിഴ്നാടിന്റെ ആവശ്യം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; ഇത് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) അച്ചൻകോവിൽ-പമ്പ-വൈപ്പാർ നദീസംയോജനം സംബന്ധിച്ച് സുപ്രീംകോടതിയുടെ വിധി പുനഃപരിശോധിക്കുന്നതിന് ഹർജി നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

ഖനന നിയന്ത്രണം

7624 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ മണൽ, പാറ എന്നിവയുടെ ഖനനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ നിർമ്മാണ മേഖലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണമേഖലയ്ക്ക് ഉപയുക്തമായ മറ്റ് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനു പഠനമെന്തെങ്കിലും നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>പി.എസ്.സിയുടെ പുതിയ വെബ്സൈറ്റ്</u>

7625 ശ്രീ. ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സിയുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ; വിശദമാക്കുമോ;

(ഡി) പുതിയ വെബ്സൈറ്റിനെ സംബന്ധിച്ചുള്ള അവബോധം ഉദ്യോഗാർത്ഥികൾക്കിടയിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

7626 ശ്രീ. എ. റ്റി. ജോർജ്
,, ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി.യെ അറിയിക്കുവാനും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ വൈകാതിരിക്കാൻ നടപടി</u>

7627 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക വിദ്യകളും അഭ്യസ്ത വിദ്യരായ ജീവനക്കാരും ഉണ്ടായിരിക്കെ പി. എസ്. സി. പല തസ്തികകളുടെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പരീക്ഷ നടത്തി ആറ് മാസം കഴിഞ്ഞിട്ടും പ്രസിദ്ധീകരിക്കാത്ത റാങ്ക് ലിസ്റ്റുകളുടെ വിവരം അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

**ഒറ്റത്തവണ പി.എസ്.സി. രജിസ്ട്രേഷൻ – ഫോട്ടോയിൽ ജനനതീയതിയും പേരും ഒഴിവാക്കുന്നതിന് നടപടി**

7628 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യുടെ ഒറ്റത്തവണ രജിസ്ട്രേഷനിൽ ഫോട്ടോയിൽ പേരും ജനനതീയതിയും ഇല്ലാത്തത് മൂലം നിരവധി ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോട്ടോയിൽ പേരും ജനനതീയതിയും വേണമെന്നതിന്റെ ആവശ്യകത വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പി.എസ്.സി യിലെ പരിഷ്കാരങ്ങൾ</u>

7629 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എസ്.സി പരീക്ഷാനടപടികൾ മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും എന്തൊക്കെ പരിഷ്കാരങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; ഉദ്യോഗാർത്ഥികൾക്ക് ഇത് എത്രത്തോളം ഗുണം ചെയ്യും; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

പി.എസ്.സി. യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

7630 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരുടെ വെരിഫിക്കേഷൻ യഥാസമയം പൂർത്തിയാക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ല ഒഴികെയുള്ള പി.എസ്.സി ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ കുറവാണ് ഇതിന് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ വെരിഫിക്കേഷൻ യഥാസമയം പൂർത്തിയാക്കുന്നതിന് പി.എസ്.സി.യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പുതുതായി നിയമനം ലഭിക്കുന്നവർക്ക് പരിശീലനത്തിന് നടപടി</u>

7631 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ അച്ചടക്കനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും കുറഞ്ഞത് രണ്ടുമാസത്തെയെങ്കിലും ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇങ്ങനെ പരിശീലനം നൽകാൻ രണ്ട് ജില്ലയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ ഏഴ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കമ്പനി ബോർഡ്/കോർപ്പറേഷറേഷനിലേയ്ക്കുള്ള അസിസ്റ്റന്റ് നിയമനം</u>

7632 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട എല്ലാ തസ്തികകളിലേക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ടും വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എത്രയുംപെട്ടെന്ന് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>എൽ. ഡി. സി. നിയമനം</u>

7633 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യിൽ ഇപ്പോൾ നിലവിലുള്ള ജില്ലാതല എൽ. ഡി. ക്ലാർക്ക് റാങ്ക്ലിസ്റ്റുകളിൽ നിന്ന് നാമമാത്രമായ നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015 മാർച്ചിൽ അവസാനിക്കുന്ന എൽ. ഡി. ക്ലാർക്ക് റാങ്ക്ലിസ്റ്റുകളിൽ നിന്ന് ന്യായമായ നിയമനങ്ങൾ നടക്കാത്ത പക്ഷം ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എൽ. ഡി. ക്ലാർക്ക് തസ്തികകളിലേക്ക് എല്ലാ വകുപ്പുകളും സമയബന്ധിതമായി ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ഡ്രൈവർ തസ്തികയിലെ നിയമനം</u>

7634 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് -II (എൽ.ഡി.വി) തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകി; ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ വിവധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് -II (എൽ.ഡി.വി) തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ എത്ര പേർ ഡ്രൈവർ തസ്തികയിൽ താല്ക്കാലികമായി ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ എൽ. പി. വിഭാഗത്തിൽ അദ്ധ്യാപകരെ നിയമിയ്ക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത</u>

7635 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ എൽ.പി വിഭാഗം അദ്ധ്യാപകരെ നിയമിക്കുന്നതിന് പി. എസ്.സി നോട്ടിഫിക്കേഷനിൽ നിശ്ചയിച്ചിരിയ്ക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>എല്‍. പി. എസ്/യു. പി. എസ് അധ്യാപക നിയമനം</u>

7636 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ ജില്ലകളിലും എല്‍. പി. എസ്/യു. പി. എസ് അധ്യാപക നിയമനത്തിനുള്ള പി. എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റില്‍ നിന്നും എത്ര പേര്‍ക്ക് നിയമന ശുപാര്‍ശ നല്‍കിയിട്ടുണ്ട്; എത്ര ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്തുകിട്ടിയിട്ടുണ്ട്;

(സി) അധ്യാപകരുടെ എല്ലാ ലിസ്റ്റുകളില്‍ നിന്നും നിയമന ശുപാര്‍ശകള്‍ നല്‍കുന്നത് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

'നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസ്'

7637 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടന്ന പി.എസ്.സി നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) നിയമനത്തട്ടിപ്പ് പരിശോധിക്കാൻ രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്; ഇതിൽ ഏതെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(സി) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>റിട്ടയർമെന്റ് ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി
പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി</u>

7638 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാന സർവ്വീസിൽ നിന്ന് എത്ര പേർ റിട്ടയർ ചെയ്യുന്നുണ്ട് എന്നറിയിക്കുമോ;

(ബി) 2014 ഡിസംബർ 31 വരെ ഉണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കുലർ പ്രകാരം എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ പേരിൽ ഏതെങ്കിലും വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉത്തരവ് പാലിക്കാത്ത വകുപ്പുകളുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളാണെന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>പി. എസ്. സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ്</u>

7639 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റുക്രൂട്ട്മെന്റ് പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ ഏതെല്ലാം തസ്തികകളിലേക്കാണ് റിപ്പോർട്ട് ചെയ്ത ഒഴിവിനേക്കാൾ കുറഞ്ഞ അപേക്ഷകരുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇത്തരം ഒഴിവുകളിൽ ഏതെല്ലാം തസ്തികയിലേക്ക് സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും ഇന്റർവ്യൂവും പൂർത്തിയാക്കി നിയമന ശുപാർശ നൽകാനായി ബാക്കിയുണ്ട് എന്നറിയിക്കുമോ ;

(സി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ മാത്തമാറ്റിക്സ് തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 633/2012) നിയമന ശുപാർശ നൽകാൻ ഇനി എന്തെല്ലാം നടപടികൾ ബാക്കിയുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഇത് എപ്പോൾ പൂർത്തിയാവും എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സർവേ&ലാന്റ് റിക്കോർഡ്സിലെ ബാക്ക് ലോഗ് ഒഴിവുകൾ നികത്താൻ നടപടി</u>

7640 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിനായി സർവ്വേ & ലാന്റ് റിക്കോർഡ്സിൽ കാറ്റഗറി നമ്പർ 241/12 നമ്പറായി ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -II തസ്തികയിലെ ഒഴിവ് നികത്തുന്നതിന് എന്നാണ് അപേക്ഷ ക്ഷണിച്ചിരുന്നത്; പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ശാരീരിക മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാക്ക് ലോഗ് ഒഴിവുകൾ എന്നത്തേക്ക് നികത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിജ്ഞാപനപ്രകാരം അഭിമുഖം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് വൈകാൻ കാരണം എന്താണ്; ഇത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും നിലവിൽ ഉണ്ടോ; പരാതി മാനദണ്ഡങ്ങൾക്കനുസൃതമല്ലെങ്കിൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

എസ്.സി./എസ്.റ്റി. സമുദായങ്ങൾക്കായി
സംവരണം ചെയ്ത ഒഴിവുകൾ

7641 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.റ്റി. സമുദായങ്ങൾക്കായി സംവരണം ചെയ്ത എത്ര ഒഴിവുകളാണ് ഇനിയും നികത്തപ്പെടാതെ കിടക്കുന്നതെന്ന് വകുപ്പു തിരിച്ച് വിശദമാക്കുമോ;

(ബി) ഇതിൽ ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകൾ എത്രയെന്ന് അറിയിക്കുമോ;

(സി) ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഏതു കാലയളവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളാണിവ;

(ഡി) സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ നിയമന നടപടികൾ സ്വീകരിക്കാൻ കഴിയാത്ത എത്ര തസ്തികകളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ഇ) പി.എസ്.സി. നോട്ടിഫൈ ചെയ്തിട്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത എത്ര തസ്തികകളാണ് ഉള്ളത്; പ്രസ്തുത തസ്തികകളുടെ പേരുകൾ വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനതല സ്പെഷ്യൽ റിക്രൂട്ട്മെന്റ് അവലോകന യോഗം അവസാനം ചേർന്നത് എപ്പോഴായിരുന്നുവെന്ന്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിലെ ഒഴിവുകൾ</u>

7642 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിൽ എത്രപേർ താല്ക്കാലികമായി ജോലി നോക്കുന്നുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം സി.ജെ. എം. കോടതിക്കു കീഴിലുള്ള പെറ്റി കോടതിയിൽ എൽ.ജി.എസ്. തസ്തികയിൽ എത്ര താല്ക്കാലിക ജീവക്കാർ ജോലി നോക്കുന്നുണ്ട്; എത്രകാലമായി ഇവർ ജോലി ചെയ്യുന്നുണ്ട്;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

ഹയര്‍ സെക്കണ്ടറി സ്കൂള്‍ ടീച്ചര്‍(ഇംഗ്ലീഷ്) റാങ്ക് ലിസ്റ്റ്

7643 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഇംഗ്ലീഷ് ഹയര്‍ സെക്കണ്ടറി സ്കൂള്‍ ടീച്ചര്‍(സീനിയര്‍ & ജൂനിയര്‍)റാങ്ക് ലിസ്റ്റ് കേരള പബ്ലിക് സര്‍വ്വീസ് കമ്മീഷന്‍ പ്രസിദ്ധീകരിച്ചതെന്നാണ്; പ്രസ്തുത ലിസ്റ്റില്‍ നിന്ന് എത്ര പേര്‍ക്ക് നിയമന ശുപാര്‍ശ നല്‍കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോള്‍ എത്ര ഒഴിവുകള്‍ കമ്മീഷന്‍ മുന്‍പാകെ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവകളിലേക്കുള്ള നിയമന ശുപാര്‍ശകള്‍ എന്ന് നടത്താന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?